സർക്കാർ ലോട്ടറി വിൽപ്പനയിലെ വർദ്ധനവ്

52 [989] *ശ്രീ. കെ. കെ. ഷാജു:*

" *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ലോട്ടറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതിനുശേഷം കേരള സർക്കാർ ലോട്ടറിക്ക് വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003 നവംബറിലാണ് അന്യസംസ്ഥാന ലോട്ടറിക്കെതിരെ നടപടി തുടങ്ങിയത്. 2003-2004 വർഷത്തെ വരുമാനം 134.98 കോടി രൂപയും 2004-2005 വർഷത്തെ വരുമാനം 156.61 കോടി രൂപയുമാണ്.

21.63 കോടി രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാന ലോട്ടറികളിലെ സമ്മാനത്തുക ലഭ്യമാക്കാൻ നടപടി

53 [990] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ലോട്ടറികളിലെ വിജയികൾക്ക് സമ്മാനത്തുക നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) 2001 മേയ് മാസത്തിനുശേഷം ഇതുവരെ സംസ്ഥാന ലോട്ടറിയിലെ വിജയികളായ എത്രപേർക്ക് എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ; ഇത് എന്നത്തേക്ക് വിതരണം ചെയ്തുതീർക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) തലശ്ശേരിയിലെ എ. ഉമ്മർകുട്ടി എന്നയാൾക്ക് ചൈതന്യ ലോട്ടറി ടിക്കറ്റ് സി.ടി. 453588-ാം നമ്പരിന് ലഭിച്ച ഒന്നാം സമ്മാനത്തുക എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly